I ഇ.ബി. XIV - കേരള നിയമസഭ /X-18

**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 മാർച്ച് 26, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. വി. ശശിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I. അടിയന്തരപ്രമേയം

ക്രമസമാധാനത്തകർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ: സംസ്ഥാനത്ത് ഒരു പറ്റം പോലീസുകാർ നടത്തുന്ന അതിക്രമങ്ങളും ബോധപൂർവമായ നിഷ്ക്രിയത്വവുംമൂലം സംസ്ഥാനത്തെ നിയമസംവിധാനത്തിന്റെ സന്തുലിതാവസ്ഥ തകരുകയും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണമില്ലാത്ത അവസ്ഥയിലേയ്ക്ക് എത്തിച്ചേരുകയും ചെയ്തതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ.എൻ.എ. ഖാദർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സംസ്ഥാനത്തെ നിയമസമാധാന പാലനത്തെക്കുറിച്ച് അടിയന്തരപ്രമേയ നോട്ടീസിൽ ആരോപിക്കുന്ന കാര്യങ്ങൾ അടിസ്ഥാനരഹിതമാണ്. പോലീസിനെ ആധുനികവൽക്കരിക്കുന്നതിനും ജനസൗഹൃദമാക്കി മാറ്റുന്നതിനും ഗവൺമെന്റ് സ്വീകരിച്ച നടപടികൾക്ക് രാജ്യത്താകമാനം വമ്പിച്ച അംഗീകാരമാണ് ലഭിച്ചിട്ടുള്ളത്. സർക്കാരിന്റെ പൊതു നയത്തിനെതിരെ നിലപാടുകൾ സ്വീകരിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുന്നുണ്ട്. ഈരാറ്റുപേട്ട (കോട്ടയം), കോട്ടയ്ക്കൽ (മലപ്പുറം), കഞ്ഞിക്കുഴി (ആലപ്പുഴ), മലയിൻകീഴ് (തിരുവനന്തപുരം) എന്നിവിടങ്ങളിൽ നടന്ന അക്രമ സംഭവങ്ങളിൽ പ്രാഥമികാന്വേഷണം നടത്തുകയും കുറ്റക്കാരെന്ന് കണ്ടെത്തിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ വകുപ്പുതല നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിയമലംഘനവും മനുഷ്യാവകാശ ധ്വംസനവും നടത്തുന്ന ഒരു പോലീസ് ഉദ്യോഗസ്ഥനെയും സർക്കാർ സർവ്വീസിൽ വച്ചുപൊറുപ്പിക്കുകയില്ല. ബോണക്കാട് കുരിശുമലയിൽ വിലക്ക് ലംഘിച്ച്

വനഭൂമിയിൽ കയറാൻ ശ്രമിച്ചവർക്കെതിരെ നിയമാനുസൃത നടപടികൾ മാത്രമാണ് പോലീസ് സ്വീകരിച്ചത്. കണ്ണൂർ സ്പെഷ്യൽ സബ് ജയിലിൽ ഷുഹൈബ് വധക്കേസിലെ പ്രതികളുടെ തിരിച്ചറിയൽ പരേഡുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. യാതൊരു അടിയന്തര സ്വഭാവവുമില്ലാത്ത വിഷയമാണ് ഇവിടെ അടിയന്തരപ്രമേയമായി അവതരിപ്പിച്ചിട്ടുള്ളത്. സംസ്ഥാനത്തെ ക്രമസമാധാന നില പൊതുവേ തൃപ്തികരവും പോലീസ് നടപടി അഴിമതിരഹിതവുമായതിനാൽ പ്രസ്തുത വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സംസ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥർ നടത്തിയ അതിക്രമവുമായി ബന്ധപ്പെട്ട് കുറ്റക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികളല്ല സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പോലീസിന്റെ പീഡനംമൂലം ജനങ്ങൾ പൊറുതിമുട്ടിയിരിക്കുകയാണ്. അടിക്കടി ആവർത്തിക്കുന്ന അക്രമ സംഭവങ്ങൾക്ക് ഗവൺമെന്റ് കൂട്ടുനിൽക്കുകയാണ്. എറണാകുളം ജില്ലയിലെ പുത്തൻ കുരിശിൽ നിരപരാധികളായ രണ്ട് യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർക്കെതിരെ പീഡനക്കുറ്റം ആരോപിച്ചും ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് തൃശ്ശൂരിൽ പ്രകടനം നടത്തിയ നാല് വിദ്യാർത്ഥികളെ ക്രൂരമായി മർദ്ദിച്ച് അവർക്കെതിരെ കള്ളക്കേസ് എടുക്കുകയും ചെയ്തത് പ്രതിഷേധാർഹമാണ്.

കണിച്ചുകുളങ്ങരയിലെ അക്രമ സംഭവത്തിന് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതോടൊപ്പം അവരിൽ നിന്നും കോമ്പൻസേഷൻ ഈടാക്കി ഇരയായ കുടുംബത്തിന് കൈമാറാൻ സർക്കാർ തയ്യാറാകണം. വാളിയോട് കൊറ്റമ്പള്ളിൽ അപ്പുനാടാർ ആത്മഹത്യ ചെയ്ത സംഭവത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണം. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പോലീസ് ഈരാറ്റുപേട്ട, അരീക്കോട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നടത്തിക്കൊണ്ടിരിക്കുന്ന അതിക്രൂരമായ മർദ്ദനം ജനങ്ങൾക്കിടയിൽ ഭീതി ഉളവാക്കിയിരിക്കുകയാണ്. സംസ്ഥാന വ്യാപകമായി സാധാരണക്കാർക്ക് മർദ്ദനമേൽക്കേണ്ടി വരുന്ന സാഹചര്യം നിലനിൽക്കുകയാണ്. ഷുഹൈബ് വധക്കേസിലെ പ്രതിക്ക് ജയിലിൽ വി.വി.ഐ.പി. പരിഗണന ലഭിക്കുന്നുവെന്നും പൂട്ടാത്ത സെല്ലിലാണ് പാർപ്പിച്ചിരിക്കുന്നതെന്നുമുള്ള കാര്യങ്ങൾ അന്വേഷിക്കണം. നടുവിൽ സ്വദേശിയും ലീഗ് പ്രവർത്തകനുമായ മുഹമ്മദ് കുഞ്ഞിക്ക് സബ് ജയിലിനുള്ളിൽ ക്രൂരമായി മർദ്ദനമേറ്റെന്നും ഷുഹൈബ് വധക്കേസുമായി ബന്ധപ്പെട്ട് തിരിച്ചറിയൽ പരേഡിനെത്തിയവരെ പ്രതികൾ ഭീഷണിപ്പെടുത്തിയെന്നുമുള്ള വാർത്തകൾ സംസ്ഥാന പോലീസ് സംവിധാനത്തിന്റെ നിഷ്ക്രിയത്വമാണ് വെളിവാക്കുന്നത്. സംസ്ഥാന വ്യാപകമായി നടന്നുകൊണ്ടിരിക്കുന്ന ഇത്തരം സംഭവങ്ങളിലൂടെ പോലീസ് സംവിധാനത്തോടുള്ള

ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ടിരിക്കുകയാണ്. നിയമവാഴ്ചയും നിയമസമാധാനവും തകർന്നിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം പരാതികൾ പോലീസ് കംപ്ലെയിന്റ് അതോറിറ്റിക്ക് കൈമാറാൻ തയ്യാറാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കേരള പോലീസ് സംസ്ഥാനത്തുടനീളം മാതൃകാപരവും ക്രിയാത്മകവുമായ പ്രവർത്തനങ്ങളും സേവനങ്ങളും കാഴ്ചവച്ചുകൊണ്ടിരിക്കുന്നുവെന്നത് വിവിധ ഏജൻസികളും കേന്ദ്ര ഗവൺമെന്റും അംഗീകരിച്ചിട്ടുള്ള വസ്തുതയാണ്. പോലീസ് മർദ്ദനമുറകളെപ്പറ്റി പത്രമാധ്യമങ്ങളിലൂടെ വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ സർക്കാർ ഗൗരവത്തോടെയാണ് കാണുന്നത്. വിശിഷ്ടവ്യക്തികൾക്ക് സഞ്ചാര സൗകര്യമൊരുക്കൽ, ഹെൽമെറ്റ് /വാഹന പരിശോധനകൾ എന്നിവ നടത്തുമ്പോൾ പോലീസ് ഉദ്യോഗസ്ഥർ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് ഡി.ജി.പി. പുറപ്പെടുവിച്ച ഉത്തരവ് പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. സംസ്ഥാന വ്യാപകമായി പോലീസിന്റെ ഭാഗത്തുനിന്നുണ്ടായതായി പറയപ്പെടുന്ന അക്രമ സംഭവങ്ങളെപ്പറ്റി അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. മാർച്ച് 11-ാം തീയതി

രണ്ടുപേർ മരിക്കാനിടയായ സംഭവത്തിൽ അന്വേഷണം തുടരുന്നതോടൊപ്പം ഉത്തരവാദിയായ പോലീസ് ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യുകയും ഈരാറ്റുപേട്ട, കോട്ടയ്ക്കൽ സംഭവങ്ങളെക്കുറിച്ച് അന്വേഷണം നടത്തുകയും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരെ ഇന്റൻസീവ് ട്രെയിനിംഗിന് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന വ്യാപകമായി നടക്കുന്ന അനിഷ്ടസംഭവങ്ങളുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന പരാതിയിന്മേൽ പ്രാഥമിക അന്വേഷണം നടത്തുന്നതോടൊപ്പം ഉത്തരവാദികളായവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. ഇത്തരം കേസുകൾ പോലീസ് കംപ്ലെയിന്റ് അതോറിറ്റിക്ക് കൈമാറുന്നതിന് സർക്കാരിന് എതിർപ്പില്ല. പത്രമാധ്യമങ്ങളിലൂടെ വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ അർഹിക്കുന്ന പ്രാധാന്യത്തോടുകൂടി പരിഗണിക്കുന്നതോടൊപ്പം മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. രമേശ് ചെന്നിത്തല, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, പി. ജെ. ജോസഫ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ

പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) കുട്ടനാട് പാക്കേജ്

ശ്രീമതി യു. പ്രതിഭ ഹരി: കുട്ടനാട് പാക്കേജിന്റെ ഒന്നാംഘട്ടം അശാസ്ത്രീയമായ രീതിയിൽ നടപ്പാക്കിയതിന്റെ ഫലമായി മത്സ്യസമ്പത്തും കൃഷിയും നശിക്കുകയും പല തോടുകളിലും നീരൊഴുക്ക് നിലച്ചിരിക്കുകയുമാണ്. കുടിവെള്ളക്ഷാമം നേരിടുന്ന കുട്ടനാട്ടിൽ ക്യാൻസർ രോഗം വ്യാപകമാണ്. കീടനാശിനി നിയന്ത്രിക്കുന്നതിന് ശക്തമായ ഇടപെടൽ നടത്തുകയും ജൈവകൃഷി നടപ്പാക്കുന്നതിനാവശ്യമായ സാഹചര്യം സൃഷ്ടിക്കുകയും വേണം. കുട്ടനാട് പാക്കേജിന്റെ ഒന്നാംഘട്ട പ്രവർത്തനം നടപ്പാക്കിയത് സംബന്ധിച്ച് ഒരു ധവളപത്രം തയ്യാറാക്കുകയും പ്രസ്തുത പ്രദേശങ്ങൾ നിയമസഭാ സമിതി സന്ദർശിക്കുകയും വേണം. കൃഷി, ജലസേചനം, റവന്യൂ വകുപ്പുകൾ സംയുക്തമായി ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തുകയും വേണം. പദ്ധതിയുടെ രണ്ടാംഘട്ടം സത്വരമായി നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കുട്ടനാട് മേഖലയുടെ ജൈവ വൈവിധ്യവും പരിസ്ഥിതി സന്തുലനവും ആവാസ വ്യവസ്ഥയും നിലനിർത്താനായി ഗ്ലോബലി ഇംപോർട്ടന്റ്

അഗ്രിക്കൾച്ചറൽ ഹെറിറ്റേജ് സ്കീമോ ധനസഹായമോ നേടിയെടുക്കാൻ ശ്രമിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): ഡോ. എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വെറ്റ് ലാന്റ് ഇക്കോ സിസ്റ്റം വികസനത്തിനായി 2008-ൽ കേന്ദ്ര സർക്കാർ 1840 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയത്. കുട്ടനാട് പാക്കേജിന്റെ ഒന്നാം ഘട്ടം നിർമ്മാണ പ്രവർത്തനങ്ങൾ തത്വത്തിൽ അവസാനിച്ചുകഴിഞ്ഞു. ഏകദേശം 85 കോടി രൂപയുടെ പദ്ധതി മാത്രമാണ് കൃഷി വകുപ്പുമായി ബന്ധപ്പെട്ട് നടപ്പാക്കിയിട്ടുള്ളത്. അമിതമായ രാസവള പ്രയോഗംമൂലം ജലം മലിനമാക്കപ്പെടുകയും ക്യാൻസർ പോലുള്ള രോഗങ്ങൾ വർദ്ധിക്കുകയുമുണ്ടായി. കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ടം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന കൃഷി വകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്ന ഇന്റർനാഷണൽ സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ 97.24 കോടി രൂപയുടെ പദ്ധതിക്കാണ് അനുമതി ആവശ്യപ്പെട്ടത്. കുട്ടനാട്ടിലെ മാലിന്യ നിർമ്മാർജ്ജനത്തിന് രണ്ടാംഘട്ടത്തിൽ പ്രഥമ പരിഗണന നൽകാനാണുദ്ദേശിക്കുന്നത്. കൂടാതെ കുട്ടനാട് മേഖല ഉൾപ്പെട്ട

40,000 ഹെക്ടർ സ്ഥലത്ത് നല്ലമുറ കൃഷി പരിപാലനരീതി അവലംബിക്കാൻ തീരുമാനമെടുത്തുകഴിഞ്ഞു. അമിതമായ രാസവളപ്രയോഗത്തിൽ നിന്നും കർഷകരെ പിന്തിരിപ്പിക്കുന്നതിനും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പരമ്പരാഗത മത്സ്യയിനങ്ങൾ വളർത്തുന്നതിനുമാവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നതിനെപ്പറ്റി ആലോചിച്ചുവരുന്നു. കുട്ടനാട് മേഖല കേന്ദ്രീകരിച്ച് കമ്മ്യൂണിറ്റി റേഡിയോ സ്ഥാപിക്കുന്ന പ്രവർത്തനം അന്തിമഘട്ടത്തിലാണ്. ഇക്കോ സിസ്റ്റവുമായി ബന്ധപ്പെട്ട് സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട്ടിനോടനുബന്ധമായി ഒരു ഗവേഷണ സ്ഥാപനം ആരംഭിക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനമെടുത്തിട്ടുണ്ട്. അന്തിമ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (2) <u>കൊച്ചിയുടെ വികസനം</u>

<u>ശ്രീ. ഹൈബി ഈഡൻ</u>: കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനും വിവിധ പ്രദേശങ്ങളുടെ അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുടെ യോഗം വിളിക്കുന്നതിനും മെട്രോ സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം വിട്ടുകൊടുത്തതിനുപകരം മഹാരാജാസ് കോളേജിൽ പുതിയ ഹോസ്റ്റലും

ഹോക്കി ഗ്രൗണ്ടും നിർമ്മിച്ചുനൽകാമെന്ന ഉറപ്പ് പാലിക്കുന്നതിനും ഹൈക്കോർട്ട് ജംഗ്ഷനിലെ ഗതാഗതത്തിരക്ക് ഒഴിവാക്കുന്നതിന് റോഡുകൾ നവീകരിക്കുന്നതിനും സ്കൈവാക്ക് സംവിധാനം ഏർപ്പെടുത്തുന്നതിനും തയ്യാറാകണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കുന്ന കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി രൂപീകരിച്ച കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് സ്മാർട്ട് സിറ്റി ഏരിയയുടെ ടൗൺ പ്ലാനിംഗ് സ്കീം തയ്യാറാക്കി കൊച്ചി കോർപ്പറേഷന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന വിഹിതമുൾപ്പെടെ 396 കോടി രൂപ പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രോജക്ടുകൾ നടപ്പാക്കുന്നതിനും കെ.എം.ആർ.എൽ.-നെ നിയോഗിക്കുകയും മാനേജ്മെന്റ് കൺസൾട്ടന്റായി ഐ. പി. ഗ്ലോബലുമായി കരാർ ഒപ്പുവച്ച് പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സമയബന്ധിതമായി പദ്ധതി നടപ്പാക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. മഹാരാജാസ് കോളേജിൽ ഹോക്കി

ഗ്രൗണ്ടും ഹോസ്റ്റൽ കെട്ടിടവും നിർമ്മിക്കുന്ന കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്. ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതും ജനപ്രതിനിധികളുമായി ചർച്ച നടത്തുന്നതും സംബന്ധിച്ച് സർക്കാരിന് അനുകൂല സമീപനമാണുള്ളത്. കൊച്ചി കോർപ്പറേഷനുമായി സഹകരിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## III സബ്മിഷൻ

(1) ഡോ. ജൗഹറിനെതിരെയുള്ള കേസ്

ശ്രീ. കെ. എം. ഷാജി: സ്വകാര്യ വേദിയിൽ നടത്തിയ പരാമർശത്തിന്റെ പേരിൽ ഫറൂഖ് കോളേജ് അദ്ധ്യാപകൻ ജൗഹർ മുനവ്വറിനെതിരെ കേസ്സെടുത്ത നടപടി പുനഃപരിശോധിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സ്ത്രീത്വത്തെ അപമാനിക്കുന്ന തരത്തിൽ പൊതുസദസ്സിൽ പ്രസംഗിച്ചുവെന്നാരോപിച്ച് കോഴിക്കോട് ഫറൂഖ് ട്രെയിനിംഗ് കോളേജ് അദ്ധ്യാപകൻ പ്രൊഫ. ജൗഹർ മുനവ്വറിനെതിരെ വിദ്യാർത്ഥിനി നൽകിയ പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

പ്രതിയെ അറസ്റ്റ് ചെയ്തിട്ടില്ല. പ്രസ്തുത പ്രസംഗത്തിന്റെ വീഡിയോ അടക്കം നവമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിച്ചതിനെത്തുടർന്ന് വിദ്യാർത്ഥികളുടെ വ്യാപക പ്രതിഷേധമുയർന്നിട്ടുണ്ട്. അദ്ധ്യാപകനെതിരെ വകുപ്പുതല അന്വേഷണം നടത്താൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറർക്ക് നിർദ്ദേശം നൽകുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പ്രൊഫ. ജൗഹർ മുനവ്വറിനെതിരെ കേസ്സെടുത്ത നടപടിയിൽ വസ്തുതകൾ സംബന്ധിച്ച പുനഃപരിശോധനയ്ക്ക് സർക്കാർ തയ്യാറാകണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ അന്വേഷണത്തിനുശേഷമാണ് തുടർ നടപടി സ്വീകരിക്കുന്നത്. പ്രതിയെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല.

(2) ആദിവാസി കുടുംബങ്ങൾക്ക് ഭൂമി

ശ്രീ. ബി. ഡി. ദേവസ്സി: അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വാഴച്ചാൽ, പെരുമ്പാറ, ഷോളയാർ എന്നീ ആദിവാസി കോളനികളിലെ കാടർ

വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): വാഴച്ചാൽ, പെരുമ്പാറ, ഷോളയാർ എന്നീ ആദിവാസി കോളനികളിലെ കാടർ, മലയൻ വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ട്രൈബൽ ഡിപ്പാർട്ടുമെന്റ് സമർപ്പിച്ച പ്രൊപ്പോസലിൽ ശിപാർശ ചെയ്തിട്ടുള്ള സ്ഥലം ചരിവുള്ളതും പാറക്കെട്ടുകളും ഈറ്റക്കാടുകൾ നിറഞ്ഞതും മധ്യഭാഗത്ത് നീരൊഴുക്കുള്ളതും കാട്ടുമൃഗങ്ങളുടെ വിഹാര കേന്ദ്രവുമായതിനാൽ പ്രസ്തുത സ്ഥലത്ത് ആദിവാസികളെ പുനരധിവസിപ്പിക്കുന്നത് ഗുരുതരമായ മനുഷ്യ-വന്യജീവി സംഘർഷം ഉണ്ടാകാനിടയാക്കുമെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പെരിങ്ങൽക്കുത്ത് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന് കൈമാറിയിട്ടുള്ളതും കെ.എസ്.ഇ.ബി. ഉപയോഗിക്കാതെ കിടക്കുന്നതുമായ സ്ഥലം പുനരധിവാസ പദ്ധതിക്ക് പ്രയോജനപ്പെടുത്താവുന്നതാണെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ളതിനാൽ ആദിവാസി കുടുംബങ്ങളെ പ്രസ്തുത സ്ഥലത്ത് പുനരധിവസിപ്പിക്കുന്നതാണ്.

(3) വിളജല കലണ്ടർ , പൈപ്പ് ടണൽ സംവിധാനം

ശ്രീ. കെ. ഡി. പ്രസേനൻ: ആലത്തൂർ മണ്ഡലത്തിൽ വിളജല കലണ്ടറിന്

അംഗീകാരം നൽകുന്നതിനും ചേരാമംഗലം ഹെഡ് ഷട്ടറിലേക്ക് പൈപ്പ് ടണൽ സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ചേരാമംഗലം ഹെഡ് ഷട്ടറിലേയ്ക്ക് പൈപ്പ് ടണൽ സംവിധാനം ഏർപ്പെടുത്തുന്നതിന് ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം തുടർ നടപടി സ്വീകരിക്കുന്നതാണ്. മലമ്പുഴ, ചേരാമംഗലം പദ്ധതികളുടെ പ്രോജക്ട് അഡ്വൈസറി കമ്മിറ്റിയുടെ സംയുക്ത യോഗം ചേർന്ന് അഭിപ്രായം ആരാഞ്ഞശേഷം വിളജല കലണ്ടറിന് അംഗീകാരം നൽകുന്നതുസംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

## (4) സംസ്ഥാന ലോട്ടറി

ശ്രീ. വി. ഡി. സതീശൻ: സംസ്ഥാന ലോട്ടറിയുടെ സമ്മാനഘടന പുനരാവിഷ്കരിക്കുന്നതിനും കമ്മീഷനിൽ മാറ്റം വരുത്തുന്നതിനും നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സംസ്ഥാന ലോട്ടറിയുടെ സമ്മാന വിഹിതം ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് വെൽഫെയർ ബോർഡ് വിശദമായ പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ലോട്ടറി വിൽപ്പനക്കാർ, ഏജന്റുമാർ, ജീവനക്കാർ എന്നിവരുമായി ചർച്ച നടത്തുകയും മേയ് മാസത്തോടുകൂടി

സമ്മാനഘടനയിൽ സമൂലമായ മാറ്റം വരുത്താൻ തീരുമാനിച്ചിരിക്കുകയുമാണ്. ആഴ്ചയിൽ ഒരു ലോട്ടറി നറുക്കെടുപ്പ് മാത്രമായി പരിമിതപ്പെടുത്തിയിരുന്നപ്പോൾ കമ്മീഷൻ വർദ്ധിപ്പിച്ചിരുന്നുവെങ്കിലും എല്ലാ ദിവസവും നറുക്കെടുപ്പ് നടത്താൻ ആരംഭിച്ചപ്പോൾ ടേണോവർ ഗണ്യമായി വർദ്ധിക്കുകയും റേറ്റിൽ മാറ്റം വരുത്താതെ ഡിസ്കൗണ്ടിൽ കുറവ് വരുത്തുകയുമാണ് ചെയ്തത്. ഇപ്പോൾ നൽകി വരുന്ന കമ്മീഷനിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല.

(5) ജെ.പി.എച്ച്.എൻ. നിയമനം

ശ്രീമതി സി. കെ. ആശ: നിലവിലുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിനും കൂടുതൽ ജെ.പി.എച്ച്.എൻ. തസ്തിക സൃഷ്ടിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനും ആർദ്രം പദ്ധതിയിൽ ഇവരെ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജെ.പി.എച്ച്.എൻ. ഗ്രേഡ് I-ലെ 159 ഒഴിവുകൾ നികത്തുകയും ഗ്രേഡ് II വിഭാഗത്തിലേയ്ക്ക് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഗ്രേഡ് I വിഭാഗത്തിലുള്ള ഒഴിവുകൾ ഗ്രേഡ് II വിഭാഗത്തിൽനിന്നും സ്ഥാനക്കയറ്റം നൽകി നികത്താനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഉണ്ടാകുന്ന ഗ്രേഡ് II ഒഴിവുകൾ റാങ്ക്

ലിസ്റ്റിൽനിന്നും നികത്തുന്നതാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. പുതിയ തസ്തിക അനുവദിക്കുന്നതിന് കേന്ദ്രസർക്കാരിൽ വീണ്ടും സമ്മർദ്ദം ചെലുത്തുന്നതാണ്. തസ്തിക സൃഷ്ടിക്കുന്ന മുറയ്ക്ക് ആർദ്രം പദ്ധതിയിൽ ജെ.പി.എച്ച്.എൻ.മാരെ ഉൾപ്പെടുത്തുന്നതാണ്.

## (6) റോഡ് വികസനം

ശ്രീ. കെ. ആൻസലൻ: കരമന-കളിയിക്കാവിള ദേശീയപാതയുടെ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കരമന-കളിയിക്കാവിള ദേശീയപാതയുടെ പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള രണ്ടാം റീച്ചിലെ പ്രവൃത്തികൾക്കായി 162.46 കോടി രൂപ അനുവദിക്കുകയും ആദ്യഘട്ട വികസന പ്രവൃത്തികൾ ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയപാത വികസനത്തിനായി പൊതുമരാമത്ത് വകുപ്പിന് ഭൂമിയും കെട്ടിടങ്ങളും കൈമാറേണ്ടതും പുറമ്പോക്ക് നിവാസികളെ പുനരധിവസിപ്പിക്കേണ്ടതുമുണ്ട്. സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ കോടതി വ്യവഹാരംമൂലം തടസ്സപ്പെട്ടിരിക്കുകയാണ്. നടപടികൾ പൂർത്തീകരിച്ച ഭാഗത്തെ കെട്ടിടങ്ങളും മരങ്ങളും നീക്കം ചെയ്യുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. പ്രാവച്ചമ്പലം-

ബാലരാമപുരം-കൊടിനട വരെയുള്ള റോഡ് വികസനത്തിനുള്ള ഡി.പി.ആർ. അംഗീകരിച്ചിട്ടുണ്ട്. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തെ ഭൂമി ഏറ്റെടുക്കുന്നതിന് 98.1 കോടി രൂപയുടെ ഭരണാനുമതി നൽകുകയും സ്ഥലമെടുപ്പ് നടപടികൾ സുഗമമാക്കുന്നതിനായി ജില്ലാ കളക്ടറെ നോഡൽ ഓഫീസറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള രണ്ടാംഘട്ടത്തിന്റെ അലൈൻമെന്റ് പ്ലാൻ സാധ്യതാ പഠനത്തിനും അനുമതിക്കുമായി നാഷണൽ ഹൈവേ ചീഫ് എഞ്ചിനീയർ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്.

(7) <u>പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ</u>

<u>ശ്രീ. അൻവർ സാദത്ത്</u>: ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ഡി.എ. കുടിശ്ശികയും അർഹമായ ആനുകൂല്യങ്ങളും നൽകുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ)</u>: കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചതിലൂടെയുണ്ടായ കുടിശ്ശിക ഭാഗികമായി നൽകിയിട്ടുണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന കോർപ്പറേഷനെ വൈവിധ്യവൽക്കരണത്തിലൂടെ ലാഭത്തിലാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 2 കോടി രൂപയുടെ ധനസഹായം നൽകുകയും ഒരു കോടി രൂപ

അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച 10 കോടി രൂപ ലഭ്യമാകുന്ന മുറയ്ക്കും ബാംബു മേഖലയിൽ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നതോടുകൂടിയും പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ എല്ലാ കുടിശ്ശികകളും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് കൊടുത്തുതീർക്കുന്നതാണ്.

## (8) ചേറ്റുവ ഹാർബർ നിർമ്മാണം

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ചേറ്റുവ ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനും തെക്കുഭാഗത്തുള്ള കര സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): ചേറ്റുവ ഹാർബറിന്റെ പണി ഏപ്രിൽ - മെയ് മാസത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കും. ഡ്രെഡ്ജിംഗ് സംബന്ധിച്ച പണികളുടെ ടെണ്ടർ നൽകിയിട്ടുണ്ട്. ഹാർബറിന്റെ തെക്കേക്കരയുടെ സംരക്ഷണ പ്രവൃത്തി കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

## (9) കെട്ടിട നികുതി

ശ്രീ. കെ. എം. മാണി: വിദ്യാർത്ഥികൾ പഠനാവശ്യങ്ങൾക്കായി താമസിക്കുന്ന കെട്ടിടങ്ങളെ ആഡംബര ഹോട്ടൽ സമുച്ചയങ്ങളുടെ ഗണത്തിൽനിന്നും ഒഴിവാക്കി വാസഗൃഹങ്ങൾക്കുള്ള നികുതി ചുമത്തുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): കേരള പഞ്ചായത്തീരാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവ പ്രകാരം സർക്കാരിന്റെ അംഗീകാരമുള്ള ഹയർ സെക്കണ്ടറി തലം വരെയുള്ള സ്ഥാപനങ്ങളുടെ വിദ്യാഭ്യാസാവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന ഹോസ്റ്റൽ ഉൾപ്പെടെയുള്ള കെട്ടിടങ്ങളെ വസ്തു നികുതിയിൽനിന്നും ഒഴിവാക്കുകയും ചട്ടപ്രകാരം പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. അപ്രകാരമല്ലാതെ അധിക നികുതി ഈടാക്കുന്നത് ശ്രദ്ധയിൽപ്പെടുത്തിയാൽ അനുവദനീയമായ നികുതി മാത്രം ഈടാക്കാൻ നിർദ്ദേശം നൽകുന്നതാണ്.

## (10) സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട്

ശ്രീ. എസ്. രാജേന്ദ്രൻ: സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ച് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## IV റിപ്പോർട്ട് സമർപ്പണം

(1) 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബില്ലിനെ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XII-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നു മുതൽ മൂന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## V ക്രമപ്രശ്നം

<u>ധനാഭ്യർത്ഥനകളുടെ പുനർനാമകരണം</u>

<u>ശ്രീ. അനൂപ് ജേക്കബ്</u>: നിയമസഭയുടെ നടപടിക്രമം സംബന്ധിച്ച ചട്ടങ്ങളിലും ബഡ്ജറ്റ് മാനുവലിലും സഭ മുമ്പാകെ സർപ്പിക്കേണ്ട എസ്റ്റിമേറ്റുകൾ ഏതു രൂപത്തിലായിരിക്കണമെന്നതു സംബന്ധിച്ച് നിർദ്ദേശിക്കേണ്ടത് എസ്റ്റിമേറ്റ് കമ്മിറ്റിയുടെ കർത്തവ്യമായി വിവക്ഷിച്ചിട്ടുണ്ട്. എന്നാൽ 2018-2019 ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 'ചരക്ക് സേവന നികുതിയും വിൽപ്പന നികുതിയും' എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേര് 'ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും' എന്നും 'തൊഴിലും തൊഴിൽ സൗകര്യങ്ങളും ' എന്ന മേജർ ഹെഡ്ഡ് ' തൊഴിലും തൊഴിൽ സൗകര്യങ്ങളും നൈപുണ്യവികസനവും' എന്നും പുനർനാമകരണം ചെയ്യപ്പെട്ടിട്ടുള്ളതായും 'സംഭരണ ചെലവ്' എന്ന ഒരു മേജർ

ഹെഡ്ഡ് ആരംഭിച്ചിട്ടുള്ളതായും കാണുന്നു. എന്നാൽ ഈ മാറ്റങ്ങൾ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണോയെന്ന് വ്യക്തമാക്കിയിട്ടില്ല. ധനാഭ്യർത്ഥനകളുടെ പേരിൽ വരുത്തുന്ന മാറ്റങ്ങൾ ബന്ധപ്പെട്ട ബഡ്ജറ്റ് ഡോക്കുമെന്റുകളിൽ പരാമർശിച്ചിട്ടുള്ള പ്രീസീഡന്റ്സും ഉണ്ട്. ഈ സാഹചര്യത്തിൽ ധനാഭ്യർത്ഥനകളുടെ പേരിൽ മാറ്റങ്ങൾ വരുത്തിയപ്പോൾ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അത് സംബന്ധിച്ച് റൂളിംഗ് ഉണ്ടാകണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): നികുതി, തൊഴിൽ എന്നീ ശീർഷകങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നതു സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെയും എസ്റ്റിമേറ്റ് കമ്മിറ്റിയുടെയും അംഗീകാരം വാങ്ങുകയും ഡിമാന്റ്സിന്റെ ആമുഖത്തിൽ മാറ്റങ്ങൾ വരുത്തിയിരിക്കുന്നുവെന്ന് പറയുകയും ചെയ്തിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടുതന്നെയാണ് മാറ്റങ്ങൾ വരുത്തിയിട്ടുള്ളത്. അതുകൊണ്ട് ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

**റൂളിംഗ്**

മി. ചെയർമാൻ: ധനാഭ്യർത്ഥനയുടെ പേരിൽ മാറ്റം വരുത്തുമ്പോൾ എസ്റ്റിമേറ്റ് കമ്മിറ്റിയുടെയും അക്കൗണ്ടന്റ് ജനറലിന്റെയും മുൻകൂർ അനുമതി തേടാറുണ്ട്. ഇവിടെ

പരാമർശിക്കപ്പെട്ട ധനാഭ്യർത്ഥനകളുടെ കാര്യത്തിൽ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടതായി ധനകാര്യവകുപ്പ് മന്ത്രി അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. എങ്കിലും എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച കാര്യം ബഡ്ജറ്റ് ഡോക്കുമെന്റിൽ ഉൾപ്പെടുത്തുന്നത് നന്നായിരുന്നു എന്നാണ് ചെയറിന്റെ റൂളിംഗ്.

## VI നിയമനിർമ്മാണകാര്യം

2018-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2018-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2018-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ടി. വി. രാജേഷ്: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കിഫ്ബി

വഴി 19940 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയതിനുപുറമേ 138 പദ്ധതികൾക്ക് എസ്.പി.വി. രൂപീകരിക്കുകയും 129 പദ്ധതികളുടെ ടെണ്ടർ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എൽ.ഐ.സി. ഏജന്റുമാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. വാഹനപ്പെരുപ്പവും ഗതാഗതക്കുരുക്കുംമൂലം വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ നിയന്ത്രണവിധേയമാക്കാൻ റോഡ് വികസനം അനിവാര്യമാണ്. പരിസ്ഥിതിയുടെ മറവിൽ സംസ്ഥാനത്തെ ദേശീയപാതാ വികസനം തടയുന്ന നിലപാട് ശരിയല്ല. നെൽവയൽ വിസ്തൃതി വർദ്ധിപ്പിച്ചും നദികൾ പുനരുജ്ജീവിപ്പിച്ചും ഹരിത പദ്ധതിക്ക് പ്രാമുഖ്യം നല്കിക്കൊണ്ടും പരിസ്ഥിതി സംരക്ഷണോന്മുഖമായ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. സങ്കുചിതവാദങ്ങൾ നിരത്തി വികസനപ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതിൽനിന്നും പ്രതിപക്ഷം പിന്മാറണം.

ശ്രീ. കെ. സി. ജോസഫ്: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ദീർഘവീക്ഷണമില്ലാത്തതും കേന്ദ്രസർക്കാരിന്റെ കുത്തക താല്പര്യങ്ങളെ ചെറുക്കാൻ കഴിയാത്തതുമായ സാമ്പത്തിക മാനേജ്മെന്റാണ് സംസ്ഥാനത്ത് പ്രതിഫലിക്കുന്നത്. ജി.എസ്.ടി.യോടുള്ള സർക്കാർ സമീപനം പ്രതിസന്ധിയുണ്ടാക്കി. സർക്കാർ പ്രഖ്യാപിച്ച അൻപതിനായിരം കോടി രൂപയുടെ പദ്ധതികൾ ഇപ്പോഴും യാഥാർത്ഥ്യമായിട്ടില്ല. പതിനായിരം കോടി രൂപ പ്രവാസി

ചിട്ടി വഴി സമാഹരിച്ച് യാഥാർത്ഥ്യമാക്കുമെന്നു പറഞ്ഞ മലയോര, തീരദേശ ഹൈവേകൾ ആരംഭിച്ചിട്ടില്ല. വിഭവ ലഭ്യത കണ്ടെത്താതെ പദ്ധതികൾ പ്രഖ്യാപിച്ചതിലൂടെ ബഡ്ജറ്റ് പ്രസംഗത്തിന്റെ വിശ്വാസ്യത നഷ്ടപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. യാഥാർത്ഥ്യബോധമില്ലാത്ത ബഡ്ജറ്റാണ് സർക്കാർ അവതരിപ്പിച്ചത്. സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. റവന്യൂ കമ്മിയും ധനകമ്മിയും വർദ്ധിക്കുകയും പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തുകയും ചെയ്തു. മാന്ദ്യവിരുദ്ധ പാക്കേജിൽനിന്ന് ഇന്നുവരെ യാതൊരു തുകയും ചെലവഴിക്കാൻ സാധിച്ചിട്ടില്ലെന്നത് ഖേദകരമാണ്.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ ട്രഷറി ഒരു ദിവസംപോലും പൂട്ടിയിട്ടില്ലെന്നത് ധനമന്ത്രിയുടെ മികച്ച പ്രവർത്തനത്തിനുള്ള അംഗീകാരമാണ്. ജി.എസ്.ടിയുടെ ഫലമായുള്ള സാമ്പത്തിക പ്രശ്നങ്ങൾക്കിടയിലും സംസ്ഥാനത്തെ വികസന മേഖലയിൽ കിഫ്ബി മുഖേന മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാൻ സാധിച്ചു എന്നത് അഭിനന്ദനാർഹമാണ്. ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ജില്ലകൾതോറും റിവ്യൂ മീറ്റിംഗ് നടത്തിക്കൊണ്ട് കിഫ്ബിയുടെ പ്രവർത്തന വേഗത വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. സമ്മാനത്തുക വർദ്ധിപ്പിച്ചുകൊണ്ട് ലോട്ടറി ജനകീയമാക്കുന്നതിനും

നഷ്ടപ്പെട്ട കാർഷിക സമൃദ്ധി പുനരുജ്ജീവിപ്പിക്കുന്നതിനും കൃഷി അഭിമാനകരമായ തൊഴിലായി വളർത്തിയെടുക്കുന്നതിനും നടപടി സ്വീകരിക്കണം. നെൽകൃഷിയുടെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും കർഷകർക്ക് പിന്തുണ നൽകുന്നതിനും സ്വീകരിച്ച നടപടി അഭിനന്ദനാർഹമാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ നെൽകൃഷിക്കുള്ള സബ്സിഡിയ്ക്കായി 60 കോടി രൂപയും നെല്ല് സംഭരണത്തിന് 525 കോടി രൂപയും നാളികേര വികസനത്തിന് 50 കോടി രൂപയും ഗുണമേന്മയുള്ള വിത്തിനങ്ങളും നടീൽ വസ്തുക്കളും ലഭ്യമാക്കുന്നതിന് 23 കോടി രൂപയും ചെറുകിട കാർഷിക സംസ്കരണ യൂണിറ്റുകൾക്ക് 8 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. മുട്ട/പാലുൽപ്പാദനത്തിൽ നിർണ്ണായക പുരോഗതി കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തമാകുക എന്ന ലക്ഷ്യത്തോടെ കന്നുകുട്ടി പരിപാലനത്തിന് 60 കോടി രൂപയും മൃഗപരിപാലനത്തിന് 330 കോടി രൂപയും ഡയറി ഡെവലപ്മെന്റിന് 107 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തി. നാഷണൽ ഹൈവേയുടെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സംസ്ഥാനം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് കൂപ്പുകുത്തുകയാണെന്ന സി ആന്റ് എ.ജി. റിപ്പോർട്ട് സംസ്ഥാന ധനകാര്യ മാനേജ്മെന്റിന്റെ

പിടിപ്പുകേടിനെയാണ് സൂചിപ്പിക്കുന്നത്. മലപ്പുറം ജില്ലയിൽ ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ അലൈൻമെന്റിൽ ഉണ്ടായിട്ടുള്ള ക്രമക്കേടുകളും മാറ്റങ്ങളും പരിശോധിക്കുന്നതിനും ഭൂമിയും വീടും കച്ചവടസ്ഥാപനങ്ങളും നഷ്ടപ്പെടുന്ന ആളുകളുടെ പരാതികളും ആശങ്കകളും പരിഹരിക്കുന്നതിനും അവർക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്ന കാര്യത്തിൽ വ്യക്തത വരുത്തുന്നതിനും നടപടി സ്വീകരിക്കണം. റീഹാബിലിറ്റേഷൻ ആന്റ് റീ സെറ്റിൽമെന്റ് പാക്കേജിലെ വ്യവസ്ഥകൾക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. റോഡ് വികസനത്തിനായി ഏറ്റെടുത്ത ശേഷമുള്ള ഭൂമിയിൽ ഭൂവുടമകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ചട്ടങ്ങളിൽ ഇളവ് അനുവദിക്കാൻ തയ്യാറാകണം. സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ പ്രതിഷേധിക്കുന്ന ജനങ്ങളോടുള്ള സർക്കാർ നിലപാടിൽ മാറ്റം വരുത്തണം.

<u>ശ്രീ. സി. കൃഷ്ണൻ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. നൂതനമായ ഒട്ടേറെ പദ്ധതികളും പ്രവർത്തനങ്ങളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് മൂന്നുമാസം കൂടുമ്പോൾ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്ന് വാർഷിക പദ്ധതി സംബന്ധിച്ച പ്രവർത്തന പുരോഗതി വിലയിരുത്തുന്നതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവ്വഹണത്തിന് അംഗീകാരം നൽകുകയും

സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്ത എൽ.ഡി.എഫ്. സർക്കാരിന്റെ നടപടിയെ അഭിനന്ദിക്കുന്നു. ലൈഫ് ഭവന പദ്ധതി, ഹരിത കേരളം പദ്ധതി, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ആർദ്രം പദ്ധതി എന്നിവ വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ സർക്കാരിന് സാധിച്ചു. സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 50000 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും ദേശീയപാതാ- മലയോര ഹൈവേ വികസനത്തിന് തുടക്കം കുറിക്കാനും 2020 ഓടുകൂടി ദേശീയ ജലപാത പൂർത്തീകരിക്കാനും സർക്കാർ ലക്ഷ്യമിടുകയാണ്. ഗെയിൽ പ്രകൃതിവാതക പൈപ്പ്‌ലൈൻ സ്ഥാപിക്കുന്ന പദ്ധതി ഈ വർഷം പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. വ്യവസായ മേഖലയെ പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിന് വ്യവസായ-തൊഴിൽ വകുപ്പുകൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് കേന്ദ്ര തൊഴിൽ മന്ത്രാലയം പുറപ്പെടുവിച്ച വിജ്ഞാപനം പുന:പരിശോധിക്കാൻ സമ്മർദ്ദം ചെലുത്തുന്നതോടൊപ്പം സ്ഥിരം സ്വഭാവമുള്ള തൊഴിൽ കരാർവത്കരിക്കാനുള്ള നീക്കത്തിനെതിരെ ഒറ്റക്കെട്ടായി പ്രതിഷേധിക്കാനും തയ്യാറാകണം.

ഡോ. എൻ ജയരാജ്: വരവും ചെലവും തമ്മിലുള്ള അന്തരം വർദ്ധിച്ചുവരികയും

പ്രതീക്ഷിച്ചത്ര നികുതി വർദ്ധനവുണ്ടാകാതിരിക്കുകയും ചെയ്യുന്നതിനാൽ ചെലവുകളിൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തേണ്ടതാണ്. കെ.എ.എസ്. നടപ്പാക്കാൻ തയ്യാറാകുന്ന സർക്കാർ നിലവിലുള്ള സംവിധാനം കാര്യക്ഷമമാക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകണം. ക്രമാതീതമായി വാഹനങ്ങൾ വാങ്ങുന്ന പ്രവണത ഒഴിവാക്കി വാടകയ്ക്കെടുക്കുന്ന നിലപാടിന് മുൻതൂക്കം കൊടുക്കണം. കാലതാമസം ഒഴിവാക്കുന്നതിനായി ആസ്തി വികസന ഫണ്ടിനുള്ള ടെക്നിക്കൽ സാംഗ്ഷൻ ജില്ലാതലത്തിൽ നൽകുന്നതിന് നടപടി സ്വീകരിക്കണം. കാഞ്ഞിരപ്പള്ളി, പൊൻകുന്നം സിവിൽ സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കാനും കാഞ്ഞിരപ്പള്ളി ബൈപ്പാസ് യാഥാർത്ഥ്യമാക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. സി. ജോർജ്</u>: കീഴാറ്റൂർ ബൈപ്പാസ് നിർമ്മാണം സംബന്ധിച്ച് ജനങ്ങളുടെ സംശയം ദൂരീകരിക്കുന്നതിനും ഒരു വിദഗ്ദ്ധനെ നിയമിച്ച് ഇത് യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. ഉബൈദുള്ള</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ജി.എസ്.ടി. വരുമാനത്തിലെ കുറവ് മുൻകൂട്ടി കാണുന്നതിൽ ധനകാര്യ വകുപ്പ് പരാജയപ്പെട്ടിരിക്കുന്നു. ട്രഷറി നിയന്ത്രണം കാരണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വേണ്ടതുപോലെ വിനിയോഗിക്കാൻ സാധിക്കുന്നില്ല. നവീന

പദ്ധതികൾക്ക് തുടക്കം കുറിക്കാനോ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പോലീസിനെ നിയന്ത്രിക്കാനോ ഗവൺമെന്റിന് സാധിച്ചിട്ടില്ല. ജനവിരുദ്ധ നിലപാടുകൾ സ്വീകരിക്കുന്ന സർക്കാരിനെതിരെയുള്ള സമരങ്ങളെ പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്തുന്ന നിലപാടാണ് സ്വീകരിക്കുന്നത്. സംസ്ഥാനത്ത് വർഗ്ഗീയത ആളിക്കത്തിച്ച് രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ ശ്രമിക്കുന്ന സി.പി.ഐ.(എം)-ന്റെ നിലപാടുകൾ അവസാനിപ്പിക്കണം.

ശ്രീ. പി. ഉണ്ണി: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക-വിദ്യാഭ്യാസ മേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിക്കാൻ ഇടതുപക്ഷ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ചുരുങ്ങിയ കാലയളവിനുള്ളിൽ ധാരാളം വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കാനും ഭരണസംവിധാനം അഴിമതിവിമുക്തവും കാര്യക്ഷമവുമാക്കാനുമുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി 'സായംപ്രഭ ഹോം' പദ്ധതി ആവിഷ്കരിച്ചത് ആശ്വാസകരമാണ്. മുതിർന്ന പൗരൻമാരുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കുന്ന കാര്യം പരിശോധിക്കണം. വയോമിത്രം പരിപാടിക്ക് 'വയോജന ശ്രേഷ്ഠ' അവാർഡും സർക്കാരിന്റെ പ്രവർത്തന മികവിന് ദേശീയ-അന്തർദ്ദേശീയ അംഗീകാരങ്ങളും ലഭിച്ചത് അഭിമാനാർഹമാണ്. ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന്

'അമൃതം ആരോഗ്യം' പദ്ധതിയും പകർച്ചവ്യാധി നിയന്ത്രണത്തിനായി 'ആരോഗ്യ ജാഗ്രത്' പദ്ധതിയും ആരംഭിച്ചു. സർക്കാർ ആതുരാലയങ്ങളെ രോഗീ സൗഹൃദമാക്കുന്നതിനും 44 ജില്ലാ താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വദേശീവൽക്കരണത്തിന്റെ ഭാഗമായി ഗൾഫ് രാജ്യങ്ങളിൽനിന്നും മടങ്ങിവരുന്നവർക്ക് ആശ്വാസകരമായ നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്. പ്രവാസികളുടെ സമ്പാദ്യം വ്യവസായ-വാണിജ്യ മേഖലകളിൽ നിക്ഷേപിച്ച് കാര്യക്ഷമമായി വിനിയോഗിക്കുന്നതിനായി 'നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ' ആരംഭിച്ചു. വിദ്യാലയങ്ങളിലെ നിലവാരം ഉയർത്തുന്നതിനും ഹൈസ്കൂളുകളെയും ക്ലാസ് മുറികളെയും ഹൈടെക് ആക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരികയാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കുന്നത്. കാർഷിക മേഖല, പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തൽ, പരമ്പരാഗത-ചെറുകിട വ്യവസായങ്ങൾ എന്നീ മേഖലകളുടെ വികസനത്തിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ദരിദ്ര ജനവിഭാഗങ്ങളെയും കർഷകരെയും ദ്രോഹിക്കുകയും കോർപ്പറേറ്റുകളെ

സഹായിക്കുകയും ചെയ്യുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കോൺട്രാക്ട് ഫാമിംഗ് ബിൽ പാസാകുന്നതോടെ ഭൂപരിഷ്കരണ നിയമം അട്ടിമറിക്കപ്പെടുന്ന അവസ്ഥയുണ്ടാകും. ചില വിദേശ കമ്പനികളുടെ വരവോടെ രാജ്യത്തെ കാർഷിക, ക്ഷീര, പൊതുവിതരണ മേഖലകൾ താറുമാറാകും. നെൽക്കർഷകർക്ക് റോയൽറ്റി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. കേന്ദ്രാവിഷ്കൃത പദ്ധതികൾ നേടിയെടുക്കുന്നതിനും അവ സമയബന്ധിതമായി നടപ്പാക്കുന്നതിനും സാധിക്കണം. കുരിയാർകുറ്റി-കാരപ്പാറ പദ്ധതികൾ അടിയന്തരമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. ഇ. കെ. വിജയൻ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സാമൂഹ്യക്ഷേമം ലക്ഷ്യംവച്ചുള്ള നിർദ്ദേശങ്ങളാണ് ബില്ലിൽ അടങ്ങിയിട്ടുള്ളത്. ഭൂരിപക്ഷം ജനങ്ങളുടെ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെയാണ് സർക്കാർ സാമ്പത്തിക പരിഷ്കരണ നടപടികളുമായി മുന്നോട്ടുപോകുന്നത്. സ്ത്രീകൾ ഗുണഭോക്താക്കളായ പദ്ധതികൾക്ക് 1,960 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിനും പെൻഷൻ നൽകുന്നതിനും പുതിയ സംവിധാനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. ലോട്ടറിയിൽ നിന്നുള്ള വരുമാനം സമഗ്ര ആരോഗ്യ മേഖലയ്ക്കായി നീക്കിവയ്ക്കുന്നതിനും ആശുപത്രികളെ ജനസൗഹൃദങ്ങളാക്കി മാറ്റുന്നതിനും ചികിത്സാ

ചെലവിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ആശാ പ്രവർത്തകരുടെ പ്രതിമാസ ഓണറേറിയം വർദ്ധിപ്പിക്കുന്നതിനും സാമൂഹ്യക്ഷേമ പെൻഷനുകളിൽ നിന്നും അനർഹരെ ഒഴിവാക്കുന്നതിനും മുഴുവൻ പ്രൈമറി അപ്പർ പ്രൈമറി സ്കൂളുകളിലും കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിക്കുന്നതിനും ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് 106 കോടി രൂപ അനുവദിക്കുന്നതിനും മത്സ്യബന്ധന യാനങ്ങളെയും തീരദേശ ഗ്രാമങ്ങളെയും ബന്ധിപ്പിക്കാൻ 100 കോടി രൂപ അനുവദിക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. കിഫ്ബിയുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. മാലിന്യം കലർന്ന കുപ്പിവെള്ളം വിതരണം ചെയ്യുന്നതും ലൈസൻസും രജിസ്ട്രേഷനും ഇല്ലാത്ത യൂണിറ്റുകളെ നിയന്ത്രിക്കുന്നതിനും നടപടിയുണ്ടാകണം. വൻകിട ജലസേചന പദ്ധതികളോടൊപ്പം അതാത് പ്രദേശത്തെ ആവശ്യകത മുന്നിൽ കണ്ടുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രാദേശിക ജലസേചന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സാധിക്കണം. പുഴകളെയും നദികളെയും തോടുകളെയും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. എം. ആരിഫ്</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു.

ബഡ്ജറ്റിന് പുറമേ 50,000 കോടി രൂപയുടെ വികസനം അഞ്ചുവർഷം കൊണ്ട് നടപ്പാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. വികസന പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾക്ക് കാലതാമസം ഉണ്ടാകാതിരിക്കുന്നതിന് നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ വികസനപ്രവർത്തനങ്ങൾ അട്ടിമറിക്കാൻ മാവോയിസ്റ്റുകൾ ശ്രമിക്കുന്നുവെന്ന കേന്ദ്ര ഇന്റലിജൻസ് റിപ്പോർട്ട് ഗൗരവതരമാണ്. തണ്ണീർത്തടങ്ങളും നെൽവയലുകളും സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് സർക്കാർ ഊന്നൽ കൊടുക്കുന്നത്. വികസനത്തെ തടസ്സപ്പെടുത്തുന്ന നിലപാട് ഉപേക്ഷിക്കാൻ മുഖ്യധാരാ രാഷ്ട്രീയകക്ഷികൾ തയ്യാറാകണം. സ്പിൽ ഓവർ വർക്ക് അനുവദിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്തുന്ന കാര്യം പരിശോധിക്കണം. സാമൂഹ്യക്ഷേമ പെൻഷനുകൾ കുടിശ്ശികയില്ലാതെ നൽകുന്നതിന് നടപടി സ്വീകരിക്കണം. കേന്ദ്ര ബഡ്ജറ്റിനെ വിമർശിക്കാൻ തയ്യാറാകാത്ത പ്രതിപക്ഷ നിലപാട് അപഹാസ്യമാണ്. സമസ്തമേഖലകളെയും പുരോഗതിയിലേയ്ക്ക് നയിക്കുന്ന ഇടപെടലാണ് സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. പി. കെ. ബഷീർ</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സ്പിൽ ഓവർ വർക്കുകൾക്ക് ത്രിതല പഞ്ചായത്തുകൾ തുക അനുവദിക്കാത്ത സർക്കാർ

നിലപാട് തിരുത്തണം. പദ്ധതിയുണ്ടായിട്ടും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അനുവദിക്കാൻ തയ്യാറാകുന്നില്ല. വികസന കാര്യത്തിലുള്ള നിലപാട് ആദ്യം സ്വന്തം പാർട്ടിക്കാരെ ബോധ്യപ്പെടുത്തുകയാണ് ചെയ്യേണ്ടത്. കേന്ദ്ര നയങ്ങൾക്കെതിരെ സമരം നടത്താൻ എൽ.ഡി.എഫ്. തയ്യാറാകണം. മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എക്സ്പ്രസ് ഹൈവേയടക്കമുള്ള വികസന പ്രവർത്തനങ്ങളെ എതിർക്കുന്ന നിലപാടാണ് എൽ.ഡി.എഫ്. സ്വീകരിച്ചത്. ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പിൽ സ്ഥലമുടമകളെയും ജനങ്ങളെയും വിശ്വാസത്തിലെടുത്തുകൊണ്ടുള്ള സമീപനം സ്വീകരിക്കണം.

<u>ശ്രീ. രാജു എബ്രഹാം</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. എക്സ്പ്രസ് ഹൈവേ, ഗെയിൽ തുടങ്ങിയ പദ്ധതികളെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഒരിക്കലും എതിർത്തിട്ടില്ല. എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കാനും ശൗചാലയങ്ങൾ നിർമ്മിച്ചു നൽകാനും കഴിഞ്ഞതിലൂടെ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായിരിക്കുകയാണ്. 86,000/- കോടി രൂപയുടെ വികസന പദ്ധതികൾ ആവിഷ്കരിക്കാൻ പൊതുമരാമത്ത് വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ക്ഷേമ പെൻഷൻ കുടിശ്ശിക സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിന് നടപടി

സ്വീകരിക്കണം. 2,20,000-ലധികം ഹെക്ടർ സ്ഥലത്ത് നെൽകൃഷി വ്യാപിപ്പിക്കാനും വിലക്കയറ്റം പിടിച്ചുനിർത്താനും ഒന്നര വർഷക്കാലത്തിനുള്ളിൽ 16,000 പട്ടയങ്ങൾ വിതരണം ചെയ്യാനും സാധിച്ചത് ശ്ലാഘനീയമാണ്. എല്ലാ വിദ്യാലയങ്ങളിലും ഹൈടെക് ക്ലാസ് മുറികൾ നിർമ്മിച്ച ആദ്യത്തെ സംസ്ഥാനമായി മാറാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. സുപ്രീം കോടതി നിർദ്ദേശമനുസരിച്ചാണ് മദ്യശാലകൾ തുറന്നുപ്രവർത്തിക്കാൻ തീരുമാനിച്ചതെങ്കിലും കേരളത്തിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്. സി.എം.എസ്. സർവ്വേ റിപ്പോർട്ടുപ്രകാരം അഴിമതി ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണ്. കീഴാറ്റൂരിലെ ബൈപ്പാസ് തളിപ്പറമ്പ് പട്ടണത്തിൽക്കൂടി കൊണ്ടുപോകുന്നതിനെക്കുറിച്ചുള്ള ചർച്ചകളുണ്ടാകണം. വികസനം അട്ടിമറിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങളാണ് നടക്കുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. നികുതി വരുമാനം സൂക്ഷ്മതയോടുകൂടി വിനിയോഗിക്കുന്നതിൽ സർക്കാരിന് വീഴ്ച സംഭവിച്ചിരിക്കുന്നു. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് ഏർപ്പെടുത്തുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിരുന്ന നബാർഡിന്റെ പ്രൊപ്പോസൽ അവഗണിച്ചുകൊണ്ട് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലുള്ള ഇഫ്ടാസ് കമ്പനിയെ ഏൽപ്പിച്ച നടപടി

ദൗർഭാഗ്യകരമാണ്. സാങ്കേതികജ്ഞാനമോ മുൻകാലപരിചയമോ ബാങ്കിംഗ് പരിജ്ഞാനമോ ടെക്നിക്കൽ കോംപീറ്റൻസിയോ ഇല്ലാത്ത ഇഫ്ടാസ് കമ്പനിക്കാണ് യാതൊരുവിധ പരിശോധനയുമില്ലാതെ ഏകീകൃത സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുള്ള കരാർ നൽകിയിരിക്കുന്നത്. പ്രസ്തുത കമ്പനി ഇടുക്കി, വയനാട് ജില്ലകളിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കായി സ്വകാര്യ കമ്പനികളെ ഉപയോഗിച്ച് തയ്യാറാക്കിയ സോഫ്റ്റ്‌വെയർ സംവിധാനം പരാജയപ്പെട്ടിരിക്കുന്ന സാഹചര്യത്തിലാണ് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റും ടെണ്ടറുമില്ലാതെ ഈ കമ്പനിയെ വീണ്ടും പ്രവൃത്തി ഏൽപ്പിച്ചിരിക്കുന്നത്. സംസ്ഥാനത്തെ ഭൂരിഭാഗം പ്രാഥമിക സഹകരണ സംഘങ്ങൾക്കും സോഫ്റ്റ്‌വെയറും മറ്റ് സംവിധാനങ്ങളും തയ്യാറാക്കുന്ന ഐ.ടി. മേഖലയിലെ കമ്പനികളെ ഒഴിവാക്കിക്കൊണ്ടാണ് ഈ കമ്പനിക്ക് കരാർ നൽകിയിരിക്കുന്നത്. കേരള ബാങ്ക് രൂപീകരണത്തിലൂടെ എല്ലാ സഹകരണ ബാങ്കുകളിലെയും സോഫ്റ്റ്‌വെയർ മാറ്റിസ്ഥാപിക്കേണ്ട സാഹചര്യത്തിലാണ് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കായി ഇപ്പോൾ ഏകീകൃത സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിനായി ഭീമമായ തുക മുടക്കിയിരിക്കുന്നത്. പ്രസ്തുത കമ്പനിയുമായുള്ള കരാർ സർക്കാർ ഉപേക്ഷിച്ചില്ലെങ്കിൽ ഇതുസംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തേണ്ടതാണ്. കേന്ദ്രനിയമത്തിലെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്

കീഴാറ്റൂരിൽ ദേശീയപാതയ്ക്കായുള്ള സ്ഥലമെടുപ്പ് നടപടികളിലെ പ്രശ്നങ്ങൾ പരിഹരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിമൂലം വികസന സ്തംഭനമാണെന്നും കഴിഞ്ഞ വർഷം പാസ്സാക്കിയ ധനവിനിയോഗ ബിൽ അനുസരിച്ച് പണം ചെലവഴിച്ചിട്ടില്ലെന്നുമുള്ള പരാമർശങ്ങൾ വസ്തുതാവിരുദ്ധമാണ്. ഈ വർഷത്തെ പദ്ധതി ചെലവ് ഇതുവരെ 74.8% ആയിട്ടുണ്ട്. സാമ്പത്തിക വർഷാവസാനത്തോടുകൂടി അത് 80%-ൽ എത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനങ്ങൾക്കുള്ള വിഹിതം വെട്ടിക്കുറച്ചതാണ് കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് കുറയുന്നതിന് കാരണം. ഈ സാമ്പത്തിക വർഷാവസാനത്തിനുള്ളിൽ വരുന്ന എല്ലാ ബില്ലുകളും സ്വീകരിക്കുകയും പൂർണ്ണമായും നൽകാൻ കഴിയാത്തവ ക്യൂവിൽ ഉൾപ്പെടുത്തി വരും മാസങ്ങളിൽ നൽകുന്നതുമാണ്. ഈ വർഷം ആരംഭിച്ച പദ്ധതികൾക്ക് സ്പിൽ ഓവർ അനുവദിക്കും. യൂണിയൻ ഫിനാൻസ് കമ്മീഷന്റെ അവസാന ഗഡു പെർഫോർമൻസ് ഗ്രാന്റ് ആയതിനാൽ അർഹതപ്പെട്ട പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കൈമാറിയിട്ടുണ്ട്. ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഭൂനികുതിയുടെ വർദ്ധനവിലൂടെ ലഭിക്കുന്ന തുക കർഷകരുടെ

റിട്ടയർമെന്റ് ബെനിഫിറ്റ് നൽകുന്നതിന് വിനിയോഗിക്കുന്നതാണ്. എൽ.ഐ.സി. ഏജന്റുമാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. മലയോര ഹൈവേ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തീരദേശ ഹൈവേയ്ക്കായി പന്ത്രണ്ടു മീറ്റർ വീതിയിൽ റോഡ് ലഭ്യമായ റീച്ചുകളിൽ ഈ വർഷംതന്നെ പണി ആരംഭിക്കും. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രോജക്ടുകൾ സമയബന്ധിതമായി തയ്യാറാക്കുന്നതിന് പ്രോജക്ട് സെൽ രൂപീകരിക്കുന്നതാണ്. കിഫ്ബി-യുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ട്. കേന്ദ്ര ഇറക്കുമതി നയത്തിന്റെ ഫലമായി സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ടായിട്ടുണ്ട്. ഫോറിൻ ഇൻവെസ്റ്റ്മെന്റിനുള്ള നയസമീപനമാണ് കേന്ദ്രം തുടർന്നുപോരുന്നത്. ഘടനാപരമായ പരിഷ്കാരങ്ങളിലൂടെ ഇൻവെസ്റ്റ്മെന്റ് വർദ്ധിപ്പിക്കുകയും അതിനനുസൃതമായ മാറ്റങ്ങൾ എല്ലാ മേഖലകളിലും കൊണ്ടുവരികയുമാണ് വേണ്ടത്. നിലവിൽ സംസ്ഥാനത്തെ പ്ലാൻ എക്സ്പെൻഡിച്ചർ 75 ശതമാനമാണ്. കോർ ബാങ്കിംഗുമായി ബന്ധപ്പെട്ട് ഇഫ്റ്റാസുമായി സർക്കാർ യാതൊരുവിധ കരാറും ഉണ്ടാക്കിയിട്ടില്ല.

2018-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2018-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ

പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2018-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പ്രമേയത്തെ പിന്താങ്ങുന്നു.

2018-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം 30 നെതിരെ 73 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ ഉച്ചയ്ക്കുശേഷം 3.38-ന് പിരിഞ്ഞു.

*********